15 -ാം കേരള നിയമസഭ

7 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1191 07-12-2022 - ൽ മറുപടിയ്ക്ക്

വിളപ്പിൽ, വിളവൂർക്കൽ - പള്ളിച്ചൽ കുടിവെള്ള പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത പദ്ധതി എന്ന് പൂർത്തിയാക്കാനാകും; വിശദാംശം വ്യക്തമാക്കുമോ; | (എ) | വിളപ്പിൽ പഞ്ചായത്തിൽ ശുദ്ധജലം ലഭ്യമാക്കുന്നതിനുവേണ്ടി state Plan-ൽ ഉൾപ്പെടുത്തി തടയണ, കിണർ, പമ്പിംഗ് മെയിൻ, ജലശുദ്ധീകരണശാല, ഉപരിതല ജലസംഭരണി മറ്റനുബന്ധ ഘടകങ്ങളുമുൾപ്പെടുത്തി ഒരു പദ്ധതി വിഭാവനം ചെയ്യുകയും 16 കോടി രൂപയുടെ ഭരണാനുമതി നൽകുകയുമുണ്ടായി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള തുക കെ.എസ്.ഇ.ബി-യിലൊടുക്കുകയും കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി. ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമായാൽ ട്രയൽ റൺ നടത്തുവാനാകും. കൂടാതെ ജലശുദ്ധീകരണശാലയിൽ നിന്നുള്ള മലിനജലം ഒഴുക്കിക്കളയുന്നതിനുള്ള ഓടയുടെ നിർമ്മാണം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പുരോഗമിക്കുന്നു. |
| (ബി) | വിളവൂർക്കൽ-പള്ളിച്ചൽ കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; പദ്ധതിയുടെ പൂർത്തീകരണം എന്ന് സാധ്യമാക്കാനാകും; വിശദാംശം ലഭ്യമാക്കുമോ? | (ബി) | നബാർഡിന്റെ ധനസഹായത്തോടുകൂടി ആരംഭിച്ച പദ്ധതിയ്ക്ക് 3862.49 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്യുകയും ചൂഴാറ്റുകോട്ട ജലശുദ്ധീകരണശാലയിൽ നിന്നുള്ള ശുദ്ധജലം പള്ളിച്ചൽ, വിളവൂർക്കൽ പഞ്ചായത്തുകളിലെ നിലവിലുള്ള ജലസംഭരണികളിലെത്തിച്ച്, വിതരണം ചെയ്തു വരികയുമാണ്. പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിൽ നിർമ്മിക്കേണ്ട ഉപരിതല ജല സംഭരണിയുടെയും, പമ്പ് ഹൗസിന്റെയും പ്രവൃത്തികൾ സിവിൽ കേസ് കാരണം നിർത്തി വയ്ക്കേണ്ടി വന്നതിനാലും, പൈപ്പ് ലൈനുകൾ സ്ഥാപിക്കാൻ, റെയിൽവേ, പൊതുമരാമത്ത് വകുപ്പ്, ദേശീയ പാത വിഭാഗം എന്നിവിടങ്ങിൽ നിന്നുള്ള അനുമതി ലഭിക്കാത്തതിനാലും പദ്ധതി |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കാനായില്ല. ഉപരിതല ജല സംഭരണിയുടെയും പമ്പ് ഹൗസിന്റെയും നിർമ്മാണത്തിനെതിരെ ഒരു വ്യക്തി നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത കേസിൽ സ്റ്റേ ഉണ്ടാവുകയും, കേസ് തുടരുകയുമാണ്. നിലവിലുണ്ടായിരുന്ന ഭരണാനുമതിയിൽ തുക തികയാത്തതിനാൽ ബാക്കി ഘടകങ്ങളായ പിടാരത്ത് പുതുതായി നിർമ്മിക്കേണ്ട ഉപരിതല സംഭരണി, വിളവൂർക്കൽ പഞ്ചായത്തിലെ പൂവടയിൽ നിർമ്മിക്കേണ്ട ഭൂതല ജലസംഭരണി എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്ക് 10.24 കോടി രൂപയുടെ ഭരണാനുമതി നബാർഡിൽ നിന്നും വീണ്ടും ലഭ്യമാവുകയും, പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് ഭാഗികമായി ശുദ്ധജലവിതരണം നടത്തുവാനും സാധിച്ചിട്ടുണ്ട്. അതെ സമയം പൂവടയിലെ ജല സംഭരണിയുടെ നിർമ്മാണം പൂർത്തിയാക്കിയെങ്കിലും ജലസംഭരണിയിലേക്കുള്ള പൈപ്പ് ലൈൻ സ്ഥാപിച്ച് ശുദ്ധജലമെത്തിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് മുനിസിഫ് കോടതി മുൻപാകെ കേസുള്ളതിനാൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിച്ചില്ല. ജല സംഭരണിയിലേക്കുള്ള വഴി സംബന്ധിച്ച് ഒരു വ്യക്തി നെയ്യാറ്റിൻകര മുൻസിഫ് കോടതി മുമ്പാകെയും ഹൈ കോടതി മുമ്പാകെയും കേസ് ഫയൽ ചെയ്തിട്ടുള്ളതും അതിൽ ഇതുവരെയും തീരുമാനമായിട്ടില്ലാത്തതുമാണ്. ഇപ്പോൾ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി പള്ളിച്ചൽ പഞ്ചായത്തിലെ മൊട്ടമൂടിലെ ജലസംഭരണികളുടെയും പമ്പ് ഹൗസിന്റെയും ഭരണാനുമതി വീണ്ടും നൽകിയിട്ടുണ്ട്. എന്നാൽ കേസ് ഒത്തു തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ ഈ പ്രവൃത്തികളുടെ പണി പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ